"ഭരണഭാഷ – മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ദേശീയ സമ്പാദ്യ പദ്ധതി – സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (ഭരണം–സി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.23/2026/ധന** **തീയതി, തിരുവനന്തപുരം, 18–02–2026**

================================================================

പരാമർശം:– 1. കേന്ദ്ര ധനകാര്യ (സാമ്പത്തികകാര്യ) മന്ത്രാലയത്തിന്റെ 09.09.2016–ലെ എഫ് നം.01/04/2015–എൻ.എസ്.നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.7833/2016/ധന തീയതി 28.09.2016.
3. സ.ഉ.(അച്ചടി) നം.93/2017/ധന തീയതി 21.07.2017.
4. സ.ഉ.(അച്ചടി) നം.132/2022/ധന തീയതി 29/10/2022.
5. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടറുടെ 08/12/2025 ലെ 110485/ദേ.സ.പ./991/2024/എഡി നമ്പർ അനൗദ്യോഗിക കുറിപ്പ്.

**<u>ഉത്തരവ്</u>**

സഞ്ചയികാ സമ്പാദ്യ പദ്ധതി 01/10/2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി പരാമർശം (1) പ്രകാരം കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തികകാര്യ വിഭാഗം സംസ്ഥാന സർക്കാരിനെ അറിയിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പാക്കിക്കൊണ്ടിരുന്ന അതേ മാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ സമ്പാദ്യ പദ്ധതി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം പുനരാരംഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിയ്ക്ക് പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പരാമർശം (4) പ്രകാരം പരിഷ്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പദ്ധതി കൂടുതൽ ആകർഷണീയവും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് പരാമർശം (5) പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംബന്ധിച്ച പൊതുമാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുംപ്രകാരം പുതുക്കി ഉത്തരവാക്കുന്നു.

(മറുപുറം)

1. ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു തലം വരെ ഉള്ള സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ (വൊക്കേഷണൽ ഹയർ സെക്കന്ററി ഉൾപ്പെടെ) വിദ്യാർത്ഥികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

2. ഇതിനായി അദ്ധ്യാപക രക്ഷാകർതൃ സമിതി യോഗം ചേർന്ന് സ്കൂളുകളിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം നടപ്പിലാക്കാൻ തീരുമാനമെടുക്കേണ്ടതാണ്.

3. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിന്റെ നടത്തിപ്പിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, രണ്ട് രക്ഷാകർത്താക്കൾ (പി.റ്റി.എ. നിർദ്ദേശിക്കുന്നവർ), രണ്ട് അദ്ധ്യാപകർ (പ്രധാനാധ്യാപകൻ നിർദ്ദേശിക്കുന്നവർ) എന്നിവരടങ്ങുന്ന ഒരു അഞ്ചംഗ ഭരണസമിതി രൂപീകരിക്കേണ്ടതാണ്.

4. ഭരണസമിതി യോഗം കൂടി സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വിദ്യാലയത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രമേയം പാസ്സാക്കേണ്ടതും ഈ പ്രമേയത്തെ ആധാരമാക്കിക്കൊണ്ട് സ്കൂൾ അധികൃതർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രഷറി അധികൃതർ സ്കൂൾ മേധാവിയുടെയും സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം ചാർജ്ജ് ഓഫീസറുടെ പദവി വഹിക്കുന്ന അദ്ധ്യാപകന്റെയും പേരിൽ സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം (SSA) എന്ന അക്കൗണ്ട് ടൈപ്പിന് കീഴിൽ പലിശ ലഭിക്കുന്ന ജോയിന്റ് ട്രഷറി സേവിംഗ്സ് അക്കൗണ്ട് നാല് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ആരംഭിച്ചു നൽകേണ്ടതുമാണ്. മുമ്പ് ആരംഭിച്ച സേവിംഗസ് അക്കൗണ്ടിൽ നിന്ന് പ്രധാനാധ്യാപകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പേര് നീക്കം ചെയ്യാൻ വേണ്ട നടപടി ട്രഷറി അധികൃതർ സ്വീകരിക്കേണ്ടതാണ്. ചാർജ്ജ് ഓഫീസർ പദവി വഹിക്കുന്ന അധ്യാപകന് മാറ്റം സംഭവിക്കുന്ന വേളയിൽ ഭരണസമിതി ഒരു പ്രമേയം പാസ്സാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുൻപുണ്ടായിരുന്ന ജോയിന്റ് അക്കൗണ്ട് നിലവിലെ ചാർജ്ജ് ഓഫീസറുടെ പേരിലേയ്ക്ക് ട്രഷറി അധികൃതർ മാറ്റി നൽകേണ്ടതുമാണ്.

5. സ്റ്റുഡന്റ്സ് സേവിംഗസ് സ്കീമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനാവശ്യമായ പാസ്സ്ബുക്ക്, ലെഡ്ജർ, സ്ക്രോൾ എന്നിവ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് സ്കൂളുകൾക്ക് അച്ചടിച്ച് വിതരണം ചെയ്യേണ്ടതാണ്. സ്റ്റുഡന്റ്സ് സേവിംഗസ് സ്കീമിൽ അംഗങ്ങളാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും വ്യക്തിഗത അക്കൗണ്ടും പാസ്സ്ബുക്കും ബന്ധപ്പെട്ട സ്കൂൾ ലഭ്യമാക്കേണ്ടതാണ്.

6. വിദ്യാർത്ഥികൾ പദ്ധതിയിൽ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യുന്ന തുകകൾ പദ്ധതിയുടെ ചുമതല വഹിക്കുന്ന അധ്യാപകൻ അതത് വിദ്യാർത്ഥിയുടെ പാസ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പ് വച്ച് നൽകേണ്ടതാണ്. വിദ്യാർത്ഥികളുടെ നിക്ഷേപ തുക തൊട്ടടുത്ത പ്രവൃത്തി ദിവസത്തിനുള്ളിൽ തന്നെ ഇ-ട്രഷറി സേവനം ലഭ്യമാക്കുന്ന ബാങ്ക് മുഖേനയോ നേരിട്ടോ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള SSA ട്രഷറി സേവിംഗസ് അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ്. അതതു ദിവസം നിക്ഷേപിക്കപ്പെടുന്ന തുകയിൽ നിന്നും വിദ്യാർത്ഥികൾ പിൻവലിക്കുന്ന തുക നൽകിയ ശേഷം ശേഷിക്കുന്ന തുകയാണ് ട്രഷറിയിൽ ഒടുക്കേണ്ടത്. മേൽ തുകയിൽ നിന്നും പരമാവധി 2000/- രൂപ വരെ ചാർജ്ജ് ഉള്ള അധ്യാപകന് കൈവശം സൂക്ഷിക്കാവുന്നതാണ്. ഈ തുക അടിയന്തിര സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് തുക പിൻവലിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന പക്ഷം മാത്രം വിനിയോഗിക്കേണ്ടതാണ്. തുക മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ പാടില്ലാത്തതും, ആയതിന്റെ വിനിയോഗം സംബന്ധിച്ച വരവ് ചെലവ് കണക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

7. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 500 വിദ്യാർത്ഥികളിൽ കൂടുതൽ പദ്ധതിയിൽ അംഗത്വമെടുക്കുന്ന സ്കൂളുകളിൽ ആവശ്യമെങ്കിൽ പ്രധാന അധ്യാപകന് ഒരു അധ്യാപകനു കൂടി സ്റ്റുഡന്റ്സ് സേവിംഗസ് സ്കീമിന്റെ നിർവ്വഹണ ചുമതല നൽകാവുന്നതാണ്. വിദ്യാർത്ഥികൾ അതിലും കൂടുന്ന പക്ഷം സ്ഥാപന മേധാവിക്ക് കൂടുതൽ അധ്യാപകർക്ക് ചുമതല നൽകാവുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം ചാർജ്ജ് ഓഫീസർ പദവി വഹിക്കുന്ന അധ്യാപകനെ തന്നെ ജോയിന്റ് അക്കൗണ്ട് തുറക്കുന്നതിനായി ഉൾപ്പെടുത്തേണ്ടതാണ്.

8. ട്രഷറി സേവിംഗസ് ബാങ്ക് അക്കൗണ്ടുകൾക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ചുള്ള വാർഷിക പലിശയ്ക്ക് പദ്ധതിയിൽ അംഗമായ ഓരോ വിദ്യാർത്ഥിക്കും അർഹതയുണ്ടായിരിക്കുന്നതും സാമ്പത്തിക വർഷത്തിനൊടുവിൽ ചാർജ്ജ് അധ്യാപകൻ ആയത് കണക്കാക്കി വിദ്യാർത്ഥിയുടെ പാസ്സ്ബുക്കിൽ രേഖപ്പെടുത്തി നൽകേണ്ടതുമാണ്. പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾ ആ വർഷം നടത്തിയ നിക്ഷേപത്തിന്റെയും പിൻവലിക്കലിന്റെയും ക്ലോഷറിന്റെയും കൈയ്യിരുപ്പ് തുകയുടെയും വിവരം ചാർജ്ജ് അധ്യാപകൻ പ്രധാനാധ്യാപകൻ മുഖേന ഭരണസമിതിയിൽ അവതരിപ്പിക്കേണ്ടതാണ്.

9. പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി ഹെഡ്മാസ്റ്ററുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ട്രഷറിയിലെ SSA category അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ 80% വരെ ഒരു വർഷത്തിൽ കുറയാത്ത സ്ഥിര നിക്ഷേപമായി മാറ്റാവുന്നതും (മാസത്തിൽ പരമാവധി ഒരു തവണ) ആയതിന്റെ

പലിശ source അക്കൗണ്ടിൽ SSA category ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ട്രഷറി അധികൃതർ സജ്ജമാക്കേണ്ടതുമാണ്. ട്രഷറിയിൽ നിന്നും സ്ഥിരനിക്ഷേപത്തിന് ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന പലിശയിൽ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട പലിശ ഒഴിച്ചുള്ള തുകയുടെ 1/3 ഭാഗം (പരമാവധി ഒരാൾക്ക് ഒരു അദ്ധ്യയന വർഷം 30000/-രൂപ എന്ന പരിധിയ്ക്ക് വിധേയമായി) ചാർജ്ജ് വഹിക്കുന്ന അദ്ധ്യാപകന് ഇൻസെന്റീവ് ആയി സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പലിന് അനുവദിക്കാവുന്നതാണ്. ടി അധ്യാപകൻ സ്ഥലം മാറി പോകുന്ന പക്ഷം മേൽ തുക ആനുപാതികമായി വിതരണം ചെയ്യാവുന്നതാണ്. ശേഷിക്കുന്ന തുക സ്കൂളിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ട്രഷറിയിൽ നിന്ന് പലിശയിനത്തിൽ പദ്ധതി വഴി സ്കൂളിന് ലഭിക്കുന്ന വരുമാനം ആദായ നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കി കിട്ടുന്നതിന് ബന്ധപ്പെട്ട ട്രഷറിയിൽ ഗവൺമെന്റ് പാൻ ലഭ്യമാക്കേണ്ടതാണ്.

10. പലിശ സ്വീകരിക്കാൻ തയ്യാറല്ലാത്ത വിദ്യാർത്ഥികൾ ആയത് സംബന്ധിച്ച് അവരുടേയും രക്ഷകർത്താവിന്റെയും സമ്മതപത്രം സ്കൂളിലെ ചാർജ്ജ് ഓഫീസർക്ക് കൈമാറേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രധാനാധ്യാപകൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
11. ചാർജ്ജ് ഓഫീസർക്ക് ഇൻസെന്റീവ് ആവശ്യമില്ലാത്ത പക്ഷം ടി അധ്യാപകരിൽ നിന്നും സമ്മതപത്രം വാങ്ങിക്കൊണ്ട് പ്രസ്തുത തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.
12. വിദ്യാർത്ഥികൾ എപ്പോൾ ആവശ്യപ്പെട്ടാലും (അവരുടെ രക്ഷാകർത്താവിന്റെ രേഖാമൂലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ) പദ്ധതിയിലെ അംഗത്വം റദ്ദ് ചെയ്ത് പലിശ സഹിതം അക്കൗണ്ട് ക്ലോസ് ചെയ്ത് നൽകേണ്ടതാണ്. അധ്യായന വർഷം പൂർത്തിയാകുന്നതിന് മുമ്പ് പദ്ധതിയിലെ അംഗത്വം റദ്ദ് ചെയ്ത് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ട സാഹചര്യമുണ്ടായാൽ വിദ്യാർത്ഥിയുടെ വ്യക്തിഗത അക്കൗണ്ടിലെ മുൻമാസത്തെ ക്ലോസിംഗ് ബാലൻസ് മാത്രമേ പലിശ കണക്കാക്കാൻ പരിഗണിക്കുകയുള്ളൂ. എന്നാൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് ഒരു മാസത്തെ അവസാന പ്രവൃത്തി ദിവസമാണെങ്കിൽ ആ മാസത്തെ പലിശയ്ക്ക് കൂടി വിദ്യാർത്ഥിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.
13. സ്റ്റുഡന്റ്സ് സേവിംഗസ് സ്കീമിൽ അംഗമായിട്ടുള്ള ഒരു വിദ്യാർത്ഥിയെ സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പ് പദ്ധതിയിലെ അംഗത്വം റദ്ദ് ചെയ്ത് അക്കൗണ്ട് ക്ലോസ് ചെയ്ത് തുക വിദ്യാർത്ഥിക്ക് കൈമാറിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

14. പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളുകളുടെ അക്കൗണ്ടുകൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഡിറ്റ് വിഭാഗത്തിന്റെയും ധനകാര്യ വകുപ്പിന്റെയും ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതാണ്.
15. ഓരോ സാമ്പത്തിക വർഷത്തിലെയും മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ സ്കൂളുകൾക്കും ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പദ്ധതിയിൽ അംഗങ്ങളാക്കിയ സ്കൂളുകൾക്കും തുടക്കത്തിൽ സംസ്ഥാന തലത്തിൽ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങളിലായി സമ്മാനവും പ്രശസ്തിപത്രവും നൽകുന്നതാണ്. ഇതിനായുള്ള ചെലവ് "2047-00-103-99-08 പരസ്യവും പ്രചാരണവും" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പദ്ധതി വ്യാപനത്തിനനുസൃതമായി മേൽ പരാമർശിത പാരിതോഷകങ്ങൾ ജില്ലാ തലത്തിലും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.
16. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും വ്യാപിപ്പിക്കുന്നതിന് പ്രഖ്യാപനമുള്ളതിനാൽ ആയതിന് ആവശ്യമായ തുടർനടപടികൾ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്.
17. സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം ഇനിയും ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകൾ ഈ ആവശ്യത്തിനായി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ട്രഷറിയിൽ സ്കൂളിന്റെ പേരിൽ സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
18. ഒരു സ്കൂളിൽ എൽ.പി.എസ്., യു.പി.എസ്., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾ ഉള്ള പക്ഷവും ഓരോ വിഭാഗത്തിനും പ്രത്യേക HM/Principal നിലവിലുള്ള പക്ഷവും ഓരോ വിഭാഗത്തിനും പ്രത്യേകമായി ട്രഷറി അക്കൗണ്ട് തുടങ്ങി സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം സമ്പാദ്യം ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.
19. ഓരോ സ്കൂളിലെയും പരമാവധി കുട്ടികളെ 2026-27 അദ്ധ്യയന വർഷം തന്നെ സ്കീമിൽ അംഗങ്ങളായി ചേർക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. അപ്രകാരം വിദ്യാർത്ഥികളുടെ പങ്കാളിത്തം തുടർന്നുള്ള വർഷങ്ങളിൽ പടിപടിയായി ഉയർത്തിക്കൊണ്ടുവരേണ്ടതുമാണ്.
20. അദ്ധ്യാപകർക്കും കുട്ടികൾക്കും സ്കീം സംബന്ധിച്ച അവബോധം നൽകുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ മിതവ്യയം, സാമ്പത്തിക സുരക്ഷ, സമ്പാദ്യശീലം എന്നിവ

സംബന്ധിച്ച അറിവ് പകർന്നു നൽകുന്നതിനായും, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഉദ്യോഗസ്ഥരുടെയും/ബ്ലോക്ക് തലത്തിൽ ബ്ലോക്കിലെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സ്കൂൾ അസംബ്ലികളിൽ ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

21. വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികളുടെ നിക്ഷേപവുമായി ബന്ധപ്പെട്ട എല്ലാ വിവരവും എല്ലാ സമയവും ഉറപ്പാക്കുന്ന തരത്തിൽ സോഫ്റ്റ് വെയർ സംവിധാനം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.
22. ഒന്നു മുതൽ പത്തു വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ വിവരങ്ങൾ KITE സോഫ്റ്റ് വെയറിൽ ലഭ്യമാണെങ്കിലും പ്ലസ് വൺ, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ വിവരങ്ങൾ KITE സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്റ്റുഡന്റ്സ് സേവിംഗസ് സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി പ്ലസ് വൺ,പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ വിവരങ്ങൾ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിന്നും KITE സോഫ്റ്റ് വെയറിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ മേൽ വകുപ്പുമായി ചേർന്ന് കൈകൊള്ളേണ്ടതാണ്.
23. സ്കീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ട്രഷറി, പൊതുവിദ്യാഭ്യാസം, ദേശീയ സമ്പാദ്യ പദ്ധതി എന്നീ വകുപ്പുകളിൽ നിന്നും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നോഡൽ ഓഫീസർമാരെ നിയമിക്കേണ്ടതാണ്.
24. ജില്ലാ കളക്ടർമാർ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ സ്കീമിന്റെ പുരോഗതി വിലയിരുത്തേണ്ടതും പദ്ധതിയുടെ പുരോഗതിയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.
25. വിദ്യാർത്ഥികൾ തുക പിൻവലിക്കുന്നതിനു മുന്നോടിയായി രക്ഷാകർത്താവിന്റെ സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ നിക്ഷേപം/പിൻവലിക്കൽ സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക്, രക്ഷാകർത്താക്കൾക്ക് എസ്.എം.എസ്. മുഖേന ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
26. സ്കൂൾ വർഷാവസാനം പിരിഞ്ഞ് പോകുന്ന കുട്ടികൾക്ക് സ്റ്റുഡന്റ്സ് സേവിംഗസ് സ്കീം പ്രകാരം ശേഖരിച്ച തുക കുട്ടികളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യേണ്ടതാണ്.

27. വിദ്യാർത്ഥികൾ നിക്ഷേപിക്കുന്ന തുക/പിൻവലിക്കുന്ന തുക ഒരു നിർദ്ദിഷ്ട പരിധിയിൽ കൂടുന്ന സാഹചര്യത്തിൽ ഭരണ സമിതി ചർച്ച ചെയ്ത് തീരുമാനം കൈകൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വിജയശ്രീ എം.എസ്.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം
3. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ
5. ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, തിരുവനന്തപുരം
6. ട്രഷറി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രഷറീസ്, തിരുവനന്തപുരം
7. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഇ. 2963437)

ഉത്തരവിൻ പ്രകാരം

Karthik Kal

അക്കൗണ്ട്സ് ഓഫീസർ